**<u>ഇരവികുളം നാഷണൽ പാർക്ക് വിനോദ സഞ്ചാരികൾക്കായി തുറന്നുകൊടുക്കുന്നത് സംബന്ധിച്ച്.</u>**

**14.08.2020 തീയതിയിലെ ബഹു: ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരം 19.08.2020 മുതൽ ഇരവികുളം നാഷണൽ പാർക്കിൽ താഴെപറയുന്ന ടൂറിസം പ്രവർത്തനങ്ങൾ പുനരാരഭിക്കുന്നതാണ്.**

1. **ഇരവികുളം നാഷണൽ പാർക്കിലെ രാജമല ടൂറിസം സോണിലേക്കുള്ള മിനി ബസ് സഫാരി - രാജമല ടൂറിസം സോണിൽ കാൽനട സഞ്ചാരം.**
2. **ലക്കം വെള്ളച്ചാട്ടം സന്ദർശനം.**

**<u>ഇനി പറയുന്ന കോവിഡ് പ്രധിരോധ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.</u>**

- എല്ലാ പാർക്ക് സന്ദർശകരും പ്രവേശന കവാടത്തിൽ ശരീര താപനില പരിശോധന നടത്തേണ്ടതാണ് (വിസിറ്റേഴ്സ് ലോഞ്ച്, ലക്കം)
- എല്ലാ സന്ദർശകരും 3 ലെയർ മാസ്ക് ധരിച്ചിരിക്കേണ്ടതാണ്.
- ഏതെങ്കിലും വ്യക്തിക്ക് ശരീര താപനില സാധാരണ നിലയേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ അവരെ പാർക്കിലേക്ക്/ലക്കം വെള്ളച്ചാട്ടത്തിലേക്ക് പ്രവേശിക്കാൻ അനുവദിക്കുന്നതല്ല.
- സന്ദർശകർ പാർക്കിലേക്ക് പ്രവേശിക്കുമ്പോഴും , തിരികെ വരുമ്പോഴും നിർബ്ബന്ധമായും കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് ശുദ്ധികരിക്കേണ്ടതാണ്.
- 10 വയസ്സിന് താഴെയുള്ള കുട്ടികളേയും 65 വയസ്സിന് മുകളിലുള്ളവരേയും പാർക്കിലേക്കും / ലക്കം വെള്ളച്ചാട്ടത്തിലേക്കും പ്രവേശിക്കാൻ അനുവദിക്കുന്നതല്ല.
- സാമൂഹിക അകലം പാലിച്ചുകൊണ്ട് പരമാവധി 15 പേരെ മാത്രമേ സഫാരി ബസ്സിൽ യാത്ര ചെയ്യാൻ അനുവദിക്കുകയുള്ളു.
- എക്കോഷോപ്പുകളിലും, കഫിറ്റീരിയകളിലും, ഇന്റർപ്രൊട്ടേഷൻ സെന്ററുകളിലും മറ്റും പരമാവധി 5 സന്ദർശകരെ മാത്രമേ ഒരേ സമയം അനുവദിക്കുകയുള്ളു.
- രാജമല ടൂറിസം സോണിൽ സന്ദർശകർ പരമാവധി 2 മീറ്റർ സാമൂഹീക അകലം പാലിച്ചുകൊണ്ട് മാത്രമേ നടക്കാൻ പാടുള്ളു.
- രാജമല ടൂറിസം സോണിൽ സന്ദർശകർ കൂട്ടം ചേർന്ന് നിൽക്കുകയോ , സഞ്ചരിക്കുകയോ പാടില്ല.
- രാജമല ടൂറിസം സോണിൽ സന്ദർശകർ റോഡിൽ കൂടി മാത്രമേ സഞ്ചരിക്കാൻ പാടുള്ളു.
- സന്ദർശകർ പാർക്കിനുള്ളിൽ തുപ്പാൻ പാടുള്ളതല്ല.
- സന്ദർശകരുടെ വാഹനങ്ങൾ പ്രവേശന കവാടത്തിൽ വച്ച് ശുചികരിച്ചതിനുശേഷമേ പാർക്കിംഗ് ഏരിയയിൽ പ്രവേശികാൻ പാടുള്ളു.
- എല്ലാ ടാക്സി ഡ്രൈവർമാരും , ടൂറിസ്റ്റ് ഗൈഡുകളും, സഹായികളും നിർബ്ബന്ധമായും കോവിഡ്-19 നിയമങ്ങൾ പാല്ക്കേണ്ടതാണ്.
- പ്രവേശന ടിക്കറ്റുകൾ അഞ്ചാം മൈൽ/ലക്കം വെള്ളച്ചാട്ടം എന്നിവടങ്ങളിൽ മാത്രം ലഭ്യമാണ്.
- രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ പാർക്ക് സന്ദർശകർക്കായി പ്രവർത്തിക്കുന്നതായിരിക്കും. (പ്രവേശന ടിക്കറ്റ് നൽകുന്നത് രാവിലെ 8 മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെയായിരിക്കും)
- കണ്ടയിന്മെന്റ് സോണുകളിൽ നിന്നും വരുന്ന സഞ്ചാരികളെ പാർക്കിൽ പ്രവേശിക്കാൻ അനുവദിക്കുന്നതല്ല.
- കോവിഡ് -19 പ്രോട്ടോക്കോളും, മുകളിൽ പറഞ്ഞ വ്യവസ്ഥകളും പാലിക്കാത്ത സന്ദർശകരെ നിലവിലുള്ള നിയമപ്രകാരം വിചാരണക്ക് വിധേയമാക്കുന്നതാണ്.

**അസി. വൈൽഡ് ലൈഫ് വാർഡൻ**
**ഇരവികുളം നാഷണൽ പാർക്ക്**